വരെ എത്ര തുക ചെലവഴിച്ചു ; കേന്ദ്രത്തിൽനിന്നും ലഭിച്ച തുകയുടെ എത്ര ശതമാനം വീതം ഓരോ വകുപ്പും ചെലവഴിച്ചു ; വിശദാംശം നൽകുമോ;

(സി) 2014-15 ബഡ്ജറ്റ് വിഹിതത്തിൽനിന്നും ചെലവഴിക്കാൻ കഴിയാത്ത തുക 2015-16 സാമ്പത്തിക വർഷം ചെലവഴിക്കാൻ അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തികവർഷം ഓരോ ധനാഭ്യർത്ഥനയുടേയും കീഴിൽ വിവിധ വകുപ്പുകൾക്കായി പദ്ധതി, പദ്ധതിയേതര ഇനത്തിൽ ഉപധനാഭ്യർത്ഥന ഉൾപ്പെടെ വകയിരുത്തിയ തുക, അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരമുള്ള ചെലവഴിച്ച തുകയുടെ ശതമാനത്തിലുള്ള കണക്ക് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് അനുബന്ധം-I ആയി ചേർക്കുന്നു.*

(ബി) വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വകുപ്പുകൾക്ക് ലഭിച്ച തുക സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം ഓരോ വകുപ്പും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ കണക്കുകൾ അനുബന്ധം II ആയി ചേർക്കുന്നു.*

(സി) ഉണ്ട്. ഭരണാനുമതി ലഭിച്ചതും 2014-15 സാമ്പത്തികവർഷം ചെലവഴിക്കാൻ സാധിക്കാത്തതും എന്നാൽ നടപ്പുസാമ്പത്തികവർഷം സെപ്റ്റംബർ 30-നുള്ളിൽ ചെലവഴിക്കാൻ സാധിക്കുന്നതുമായ തുക 2015-16 സാമ്പത്തിക വർഷം ചെലവഴിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ജി.ഒ.(പി) നമ്പർ 400/2014/ധന. തീയതി 19-9-2014, ജി.ഒ. (പി) നമ്പർ 48/2015/ധന. തീയതി 23-1-2015, ജി.ഒ.(പി) നമ്പർ 143/2015/ധന. തീയതി 22-4-2015 എന്നീ ഉത്തരവുകൾ പ്രകാരമാണ് ഇതിനുള്ള അനുമതിയും മാർഗ്ഗനിർദ്ദേശങ്ങളും നൽകിയിട്ടുള്ളത്. ഇത്തരത്തിലുള്ള ചെലവുകൾ മോണിറ്റർ ചെയ്യുന്നതിനായി e-LAMS എന്ന വെബ് ബേസ്ഡ് ആപ്ലിക്കേഷൻ ഏർപ്പെടുത്തിയിട്ടുണ്ട്..

കരാറുകാർക്കുള്ള കുടിശ്ശിക

117(2106) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനകമ്മി ഏതെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സമായിട്ടുണ്ടോ ;

(ബി) വിവധ വകുപ്പുകൾക്ക് എത്ര രൂപ വീതം കരാർ കുടിശ്ശിക വരുത്തിയിട്ടുണ്ടെന്ന് വകുപ്പുകൾ തിരിച്ച് വ്യക്തമാക്കാമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കരാറുകാർക്കുള്ള കുടിശ്ശിക പ്രശ്നം എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത് : പ്രസ്തുത കരാറുകാരുമായി ചർച്ച നടത്തിയിട്ടുണ്ടോ : ഉണ്ടെങ്കിൽ എന്ന് : ചർച്ചയിൽ എന്തൊക്കെ ഉറപ്പുകളാണ് കരാറുകാർക്ക് നൽകിയത് :

(ഡി) പ്രസ്തുത ഉറപ്പുകൾ പാലിച്ചിട്ടുണ്ടോ ? ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ? പ്രസ്തുത ഉറപ്പുകൾ നടപ്പാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ : വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഭരണവകുപ്പിൽനിന്നുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിൽ 1-3-2014 മുതൽ 28-2-2015 വരെ 1571.95 കോടി രൂപയുടെയും ഇതേ കാലയളവിൽ പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 437.87 കോടി രൂപയുടെയും ജലവിഭവ വകുപ്പിൽ 1-3-2014 മുതൽ 30-8-2014 വരെ എല്ലാ വിഭാഗങ്ങളിൽനിന്നും പൂർണ്ണമായി ലഭ്യമായ നിർദ്ദേശങ്ങൾ അനുസരിച്ച് 158.58 കോടി രൂപയുടെയും ഉൾപ്പെടെ ആകെ 2168.40 കോടി രൂപയുടെ കുടിശ്ശികയുണ്ട്.

(സി) സർക്കാർ കരാറുകാരുടെ ബിൽ കുടിശ്ശിക സമയബന്ധിതമായി കൊടുത്തു തീർക്കുന്നതിനായി കോൺട്രാക്ടർമാരുടെ സംയുക്ത സമരസമിതിയുമായി 26-4-2015-ൽ ചർച്ച നടത്തിയിരുന്നു. അതനുസരിച്ച് പൊതുമരാമത്ത് നിരത്തുവിഭാഗം ഒഴികെയുള്ള വിഭാഗങ്ങളിലെ കുടിശ്ശിക 2015 ഡിസംബറിലും നിരത്തുവിഭാഗത്തിന്റേത് 2016 മാർച്ചിലും കൊടുത്തു തീർക്കാൻ ധാരണയായിട്ടുണ്ട്. ആറുമാസത്തെ ബില്ലുകൾക്ക് ഡിസ്കൗണ്ട് ചെയ്യുന്നതിന് സൗകര്യം ഉണ്ടാകുന്നതും ആറുമാസത്തിലധികം പഴക്കമുള്ള ബില്ലുകൾ ഡിസ്കൗണ്ട് ചെയ്യുമ്പോൾ ഡിസ്കൗണ്ട് ചാർജ്ജിന്റെ 50% സർക്കാർ മടക്കി നൽകുന്നതുമാണ് എന്ന് അറിയിച്ചിരുന്നു. നിലവിൽ ഇത് 25% ആണ്. കൂടാതെ കെട്ടിട വിഭാഗത്തിന്റെ ഭരണാനുമതി തുക 10 ലക്ഷം രൂപയിൽ അധികരിക്കാത്ത ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ബില്ലുകൾ തീർപ്പാക്കാനുള്ള അധികാരം ബന്ധപ്പെട്ട എഞ്ചിനീയർമാർക്ക് നൽകാനും ജലവിഭവ വകുപ്പിലെ കുടിശ്ശിക ബില്ലുകൾ ഏപ്രിൽ മാസം മുതൽ നൽകിത്തുടങ്ങാനും നബാർഡ് പദ്ധതികൾ, ഡെപ്പോസിറ്റ് വർക്കുകൾ എന്നിവയുടെ ബില്ലുകൾക്കുള്ള തുക കുടിശ്ശികയാകാതെ അനുവദിക്കുമെന്നും കോൺട്രാക്ടർമാരുടെ സംയുക്ത സമരസമിതിയുമായുള്ള ചർച്ചയിൽ ധാരണയായിട്ടുണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കരാറുകാരുടെ ബില്ലുകൾ മാറിനൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി G.O.(P) No.97/2015/Fin. dated 25-2-2015 പ്രകാരം ആവിഷ്കരിച്ച ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായത്തിന് അനുസൃതമായി G.O.(Rt) No.5597/2015/Fin. Dated 10-6-2015 പ്രകാരം പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിലെ സെപ്റ്റംബർ 2014 വരെയുള്ള കുടിശ്ശിക ബില്ലുകൾ 2015 ഡിസംബർ മാസത്തോടുകൂടിയും പൊതുമരാമത്ത് (കെട്ടിടം) വകുപ്പിലെ ഡിസംബർ 2014 വരെയുള്ള ബില്ലുകൾ 2015 നവംബർ മാസത്തോടുകൂടിയും ജലവിഭവ വകുപ്പിലെ ഒക്ടോബർ 2014 വരെയുള്ള ബില്ലുകൾ 2015 നവംബർ മാസത്തോടുകൂടിയും കൊടുത്തുതീർക്കുന്നതിനുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് അനുവദിക്കുന്നതിനുള്ള സമയക്രമം നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, G.O.(P) No.221/2015/Fin. dated 10-6-2015 പ്രകാരം 2015 ആഗസ്റ്റ് മാസം ഒന്നുമുതൽ ഡിസ്കൗണ്ട് ചെയ്യുന്ന ബില്ലുകളുടെ ഡിസ്കൗണ്ട് ചാർജ്ജിന്റെ 50 ശതമാനം കരാറുകാർക്ക് മടക്കി നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. G.O.(P) No.198/2015/Fin. dated 28-5-2015 അനുസരിച്ച് 5 ലക്ഷം രൂപയിൽ അധികരിക്കാത്ത ഭരണാനുമതി നൽകിയിട്ടുള്ള കെട്ടിട വിഭാഗം ഡെപ്പോസിറ്റ് പ്രവർത്തികളുടെ ബില്ലുകൾ തീർപ്പാക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകി ഉത്തരവായിട്ടുണ്ട്.

24 മണിക്കൂർ പോസ്റ്റുമോർട്ടം നടപ്പാക്കുന്നതിന് പുതിയ തസ്തികകൾ

118(2107) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രി നിയമസഭയിൽ ഉറപ്പുകൊടുത്തതും മന്ത്രിസഭ അംഗീകരിച്ചതുമായ 24 മണിക്കൂർ പോസ്റ്റ്മോർട്ടം നടപ്പാക്കുന്നതിന് പുതിയ തസ്തികകൾ ആവശ്യമാണെന്ന് ആരോഗ്യവകുപ്പ് ധനകാര്യവകുപ്പിനെ അറിയിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിക്കുവാനുള്ള അനുമതിയാണ് ആരോഗ്യവകുപ്പ് ആവശ്യപ്പെട്ടിരിക്കുന്നത് ; ഇതിനു വേണ്ടിവരുന്ന സാമ്പത്തിക ബാധ്യത എത്രയാണ് ;

(ബി) ഈ തസ്തികകൾ ധനകാര്യവകുപ്പ് അനുവദിക്കാത്തതാണ് 24 മണിക്കൂർ പോസ്റ്റ്മോർട്ടം നടപ്പാക്കുന്നതിനുള്ള തടസ്സം എന്ന് പറയപ്പെടുന്നത് ശരിയാണോ ; എങ്കിൽ പുതിയ തസ്തികകൾ അനുവദിച്ച് ഇക്കാര്യം നടപ്പാക്കുന്നതിന് ധനകാര്യ വകുപ്പിൽനിന്ന് എപ്പോൾ അനുകൂല നടപടിയുണ്ടാകും എന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) അറിയിച്ചിട്ടുണ്ട്. തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ എന്നീ അഞ്ച് മെഡിക്കൽ കോളേജുകളിൽ ആകെ 50 തസ്തികകൾ സൃഷ്ടിക്കുന്നതിനാണ്

LIBRARY ARCHIVES Kerala Legislative Assembly